LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാർ എതിർകക്ഷിയായുള്ള കേസ്സ്

58 [2546] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ എതിർകക്ഷിയായുള്ള ഒ. പി. 9552/2002-ൽ 708/2003 ആയി ഫയൽ ചെയ്തിട്ടുള്ള റിവ്യൂ ഹർജിയിലെ ഉത്തരവ് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിൽ പി-1, പി-2 ആയി കോടതി മുമ്പാകെ ഹർജി കക്ഷി ഹാജരാക്കിയ രേഖകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പി-1, പി-2 ഉത്തരവുകൾ പിൻവലിച്ചതായി കോടതിയെ ബോധിപ്പിക്കുവാൻ സർക്കാർ അഭിഭാഷകന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിവ്യൂ ഹർജി തള്ളിക്കൊണ്ടുള്ള ബഹു. ഹൈക്കോടതി വിധിയുടെ ഫോട്ടോകോപ്പി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ഒ. പി. 9552/2002-ൽ ഹർജി കക്ഷി ഹാജരാക്കിയ എക്സിബിറ്റ് പി-1, ധനകാര്യ വകുപ്പിന്റെ 16-1-2002-ലെ ജി.ഒ. (പി) നമ്പർ. 56/2002/ഫിൻ നമ്പർ ഉത്തരവും എക്സിബിറ്റ് പി-2, പൊതുഭരണ (എസ്.എസ്.) വകുപ്പിന്റെ 30-1-2002-ലെ ജി.ഒ. (പി) നമ്പർ, 38/2002/ജി.എ.ഡി. നമ്പർ ഉത്തരവുമാണെന്നാണ് വിധിയുടെ ഫോട്ടോ കോപ്പിയിൽ എഴുതിചേർത്തിരിക്കുന്നത്.

(സി) സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

അഴിമതി കേസുകൾ കേൾക്കുന്നതിനുള്ള ട്രൈബ്യൂണലുകളും കമ്മീഷനുകളും സ്പെഷ്യൽ കോടതികളും

59 [2547] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എൻ. ശക്തൻ:

" തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഴിമതി കേസുകൾ കേൾക്കുന്നതിനുള്ള ട്രൈബ്യൂണലുകളും കമ്മീഷനുകളും സ്പെഷ്യൽ കോടതികളും ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയോരോന്നും ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരെ സംബന്ധിക്കുന്ന കേസുകളാണ് കേൾക്കുന്നത്;

(സി) ഇവയോരോന്നിലും 2003-2004-ൽ എത്ര കേസുകൾ വീതം പുതുതായി വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അഴിമതി കേസുകൾ കേൾക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സ്പെഷ്യൽ കോടതികളും, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് വിജിലൻസ് ട്രൈബ്യൂണലുകളും ഇവയ്ക്ക് പുറമെ തിരുവനന്തപുരത്ത് കേരള ലോകായുക്തയും നിലവിലുണ്ട്.

(ബി) (1) സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകർ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികാരികൾ, ജീവനക്കാർ, സർവ്വകലാശാലാ ജീവനക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണാധികാരികളും, ജീവനക്കാരും സഹകരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയവർ ഉൾപ്പെടെ 1988-ലെ അഴിമതി നിരോധന നിയമത്തിൽ സെക്ഷൻ 2 (സി)-ൽ പബ്ലിക് സർവന്റ് സിന്റെ നിർവചനത്തിൻ കീഴിൽ വരുന്ന എല്ലാ വിഭാഗത്തിന്റെയും അഴിമതി കേസുകൾ സ്പെഷ്യൽ കോടതികളിൽ വിചാരണ ചെയ്യുന്നു.

(2) സർക്കാർ ജീവനക്കാർ, സർക്കാർ ബോർഡുകൾ, കോർപ്പറേഷനുകൾ, എന്നിവയിലെയും ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (വി.ടി.) ചട്ടങ്ങൾ പ്രകാരം റഫർ ചെയ്യപ്പെടുന്ന കേസുകളാണ് വിജിലൻസ് ട്രൈബ്യൂണലുകളിൽ വിചാരണ ചെയ്യപ്പെടുന്നത്.

(3) സർക്കാർ ജീവനക്കാരും മന്ത്രിമാരുമുൾപ്പെടെയുള്ള പൊതുപ്രവർത്തകർക്കും എതിരെയുള്ള അഴിമതി, സ്വജനപക്ഷപാതം, അധികാര ദുർവിനിയോഗം എന്നിവ സംബന്ധിച്ചുള്ള പരാതികളാണ് ലോകായുക്ത പരിഗണിക്കുന്നത്.

(സി) സ്പെഷ്യൽ കോടതികളിൽ തിരുവനന്തപുരത്ത് 2003-2004-ൽ 67 കലണ്ടർ കേസുകളും; തൃശ്ശൂർ കോടതിയിൽ 58 കേസുകളും, കോഴിക്കോട് കോടതിയിൽ 49 കേസുകളും പുതുതായി വന്നിട്ടുണ്ട്. വിജിലൻസ് ട്രൈബ്യൂണൽ തിരുവനന്തപുരത്ത് 2003-2004-ൽ 11 കേസുകളും കോഴിക്കോട്ട് 2003-2004-ൽ 4 കേസുകളും പുതുതായി റഫർ ചെയ്തിട്ടുണ്ട്. കേരള ലോകായുക്തയിൽ 2003-ൽ 1091 കേസുകളും 2004-ൽ നാളിതുവരെ 825 കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly